**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3942** **03-03-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഇ-ഹെൽത്ത് സംവിധാനം നിലവിൽ വന്നിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായ തിരുവാണിയൂർ, വാഴക്കുളം, മഴുവന്നൂർ എന്നീ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | മണ്ഡലത്തിലെ മറ്റ് ആരോഗ്യ കേന്ദ്രങ്ങളിൽ കൂടി ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുമോ; വിശദവിവരം ലഭ്യമാക്കാമോ? | (സി) | ആശുപത്രികളുടെ അടിസ്ഥാന ഭൗതിക സാഹചര്യം വിലയിരുത്തിയാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നത്. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ കുമാരപുരം കുടുംബാരോഗ്യ കേന്ദ്രത്തിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| **ക്രമ നമ്പർ** | **സ്ഥാപനത്തിന്റെ പേര്** | **ഇ-ഹെൽത്ത് മുഖേന ലഭ്യമായിട്ടുള്ള സേവനങ്ങൾ** | **ഇ-ഹെൽത്ത് മുഖേനയുള്ള പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി** |
|---|---|---|---|
| 1 | കുടുംബാരോഗ്യ കേന്ദ്രം(FHC), മഴുവന്നൂർ | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം |
| 2 | കുടുംബാരോഗ്യ കേന്ദ്രം (FHC), വാഴക്കുളം | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ്, ഫാർമസി | കടലാസ്സ് രഹിതം |
| 3 | കുടുംബാരോഗ്യ കേന്ദ്രം (FHC), തിരുവാണിയൂർ | റിസപ്ഷൻ, കൺസൾട്ടേഷൻ, ലാബ് | ഫാർമസി ഒഴികെയുള്ള എല്ലാ സംവിധാനങ്ങളും ഇ-ഹെൽത്ത് മുഖേനയാണ് പ്രവർത്തിക്കുന്നത് |